**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2403** **27-02-2023 - ൽ മറുപടിയ്ക്ക്**

**പരപ്പനങ്ങാടി എൽ.ബി.എസ്. - ഐ.ഐ.എസ്.ടി. ക്ക് സ്ഥലം വാങ്ങുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി എൽ.ബി.എസ്. - ഐ.ഐ.എസ്.ടി. ക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | (എ) | പ്രസ്തുത പ്രവർത്തിക്കായി ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളത് (സ.ഉ.(സാധാ)നം. നം. 2400/2013/ഉ.വി.വ) 2013-ലായതിനാൽ പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്. ഭരണ വകുപ്പ് 186.62 കോടി രൂപയുടെ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു. ഇത് പരിശോധിച്ച് പരപ്പനങ്ങാടി എൽ.ബി.എസ്. - ഐ.ഐ.എസ്.ടി. ക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും സമഗ്രമായ ഭരണാനുമതി പുറപ്പെടുവിക്കുന്നതിനായി പ്രൊപ്പോസൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന് നൽകേണ്ടതാണെന്ന് ഭരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. അപ്രകാരം തുടർന്നുള്ള വാർഷിക പദ്ധതിയിൽ, ഉൾപ്പെടുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നത് പരിഗണിക്കുന്നതാണ്. |
| (ബി) | ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് ഓരോ വർഷവും വാടക ഇനത്തിൽ വലിയ തുക വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാടകയിനത്തിൽ ഓരോ മാസവും 1,29,528/- രൂപയാണ് നൽകി വരുന്നത്. |
| (സി) | ഈ സ്ഥാപനത്തിന് സ്വന്തമായി ഭൂമി ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുന്നതിന് മുൻപ് 131 കോടി രൂപ അനുവദിക്കുകയും അതിൽ നിന്നും ഒരു കോടി രൂപ റിലീസ് ചെയ്യുകയും ചെയ്തിരുന്നോയെന്ന് വിശദമാക്കാമോ; | (സി) | പരപ്പനങ്ങാടിയിലെ LBSIST ക്ക് 06.12.2013 ലെ സ.ഉ.(സാധാ) നം. 2400/2013/ഉ.വി.വ ഉത്തരവ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 130.149 കോടി രൂപയുടെ ഭരണാനുമതി നൽകുകയും മേൽ തുകയിൽ നിന്നും പ്രസ്തുത ആവശ്യത്തിനായി 26.03.2014 ലെ സ.ഉ(സാധാ) നം.668/2014/ഉ.വി.വ പ്രകാരം 1 കോടി രൂപ റിലീസ് ചെയ്യുകയും ചെയ്തിരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന് നിലവിൽ പ്രാബല്യമുണ്ടോയെന്ന് വിശദമാക്കാമോ? | (ഡി) | ഭരണാനുമതി പുറപ്പെടുവിച്ച് 9 വർഷങ്ങൾ കഴിഞ്ഞ സാഹചര്യത്തിൽ പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിനഞ്ചാം കേരള നിയമസഭ
## എട്ടാം സമ്മേളനം

2023 ഫെബ്രുവരി 27, തിങ്കൾ

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2403**

**<u>പരപ്പനങ്ങാടി എൽ.ബി.എസ്. ഐ.ഐ.എസ്.ടി. ക്ക് സ്ഥലം വാങ്ങുന്നതിനുള്ള നടപടികൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.പി.എ.മജീദ്<br>എം.എൽ.എ | ശ്രീ. കെ.എൻ ബാലഗോപാൽ<br>ബഹു. ധനകാര്യ വകുപ്പ് മന്ത്രി |
| എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി എൽ.ബി.എസ്. - ഐ.ഐ.എസ്.ടി. ക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | പ്രസ്തുത പ്രവർത്തിക്കായി ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളത് (സ.ഉ.(സാധാ) നം. നം. 2400/2013/ഉ.വി.വ) 2013-ലായതിനാൽ പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്. ഭരണ വകുപ്പ് 186.62 കോടി രൂപയുടെ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു. ഇത് പരിശോധിച്ച് പരപ്പനങ്ങാടി എൽ.ബി.എസ്. - ഐ.ഐ.എസ്.ടി. ക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും സമഗ്രമായ ഭരണാനുമതി പുറപ്പെടുവിക്കുന്നതിനായി പ്രൊപ്പോസൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന് നൽകേണ്ടതാണെന്ന് ഭരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. അപ്രകാരം തുടർന്നുള്ള വാർഷിക പദ്ധതിയിൽ, ഉൾപ്പെടുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതിക്ക് |

| | |
|---|---|
| | ഭരണാനുമതി നൽകുന്നത് പരിഗണിക്കുന്നതാണ്. |
| ബി) ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് ഓരോ വർഷവും വാടക ഇനത്തിൽ വലിയ തുക വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ വിശദമാക്കാമോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാടകയിനത്തിൽ ഓരോ മാസവും 1,29,528/- രൂപയാണ് നൽകി വരുന്നത്. |
| സി) ഈ സ്ഥാപനത്തിന് സ്വന്തമായി ഭൂമി ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുന്നതിന് മുൻപ് 131 കോടി രൂപ അനുവദിക്കുകയും അതിൽ നിന്നും ഒരു കോടി രൂപ റിലീസ് ചെയ്യുകയും ചെയ്തിരുന്നോയെന്ന് വിശദമാക്കാമോ; | പരപ്പനങ്ങാടിയിലെ LBSIST 06.12.2013 ലെ സ.ഉ.(സാധാ) നം. 2400/2013/ഉ.വി.വ ഉത്തരവ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 130.149 കോടി രൂപയുടെ ഭരണാനുമതി നൽകുകയും മേൽ തുകയിൽ നിന്നും പ്രസ്തുത ആവശ്യത്തിനായി 26.03.2014 ലെ സ.ഉ(സാധാ) നം.668/2014/ഉ.വി.വ പ്രകാരം 1 കോടി രൂപ റിലീസ് ചെയ്യുകയും ചെയ്തിരുന്നു. |
| ഡി) പ്രസ്തുത തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന് നിലവിൽ പ്രാബല്യമുണ്ടോയെന്ന് വിശദമാക്കാമോ? | ഭരണാനുമതി പുറപ്പെടുവിച്ച് 9 വർഷങ്ങൾ കഴിഞ്ഞ സാഹചര്യത്തിൽ പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതുണ്ട്. |

**സെക്ഷൻ ഓഫീസർ**